DESPATCHED
On 24/12/21....


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

**E-mail: sic.ker@nic.in**


ഹർജി നമ്പർ **CP No. 176(2)/2019/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 3942/SIC-G6/2019 )

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. സ്മിത സന്തോഷ്,
കളിയ്ക്കൽ, മരുതുംപേട്ട,
കെ. ചപ്പാത്ത് (പി.ഒ), } പരാതി ഹർജിക്കാരി

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി, അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത്,
അയ്യപ്പൻകോവിൽ (പി.ഒ),
മാരികുളം, ഇടുക്കി – 685 507. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 05/12/2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 28/12/2018 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 07/03/2019 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 12/03/2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 25/03/2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09/04/2019 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി | 16/11/2021 – ഓഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരി | ഹാജരായില്ല |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരിയായ ശ്രീമതി. സ്മിത സന്തോഷ്, 07/03/2019 തീയതി സമർപ്പിച്ച പരാതി ഹർജി 12/03/2019 തീയതിയിൽ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 176(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2 പരാതി ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരി 05/12/2018 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് 9-ാം വാർഡിൽ 2017-18 വർഷം മേറ്റായി തെരഞ്ഞെടുത്തിട്ടുള്ളവരുടെ പേരു വിവരവും, ആയത് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ച തീരുമാനത്തിന്റെ പകർപ്പും
2. 9-ാം വാർഡിൽ മേറ്റായി ജോലി ചെയ്തിരുന്ന ടിയാളുടെ പേരിൽ ഏതെങ്കിലും പരാതി നാളിതുവരെ ലഭിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ ടി പരാതിയിന്മേൽ പഞ്ചായത്ത് കമ്മറ്റി സ്വീകരിച്ച നടപടിയുടെയും പരാതിയുടെയും പകർപ്പും
3. 7 വർഷമായി മേറ്റായി കൃത്യനിഷ്ഠയോടെയും, യാതൊരു പരാതിക്കും ഇട നൽകാതെയും ജോലി ചെയ്തിരുന്ന ടിയാളെ ടി ജോലിയിൽ നിന്നും മാറ്റി നിർത്താൻ ഉണ്ടായ കാര്യങ്ങൾക്കുള്ള വിശദീകരണവും
4. 2018-19 വർഷത്തിലെ മഴക്കുഴി നിർമ്മാണത്തിന്റെ ഗ്രേസി രാജൻ മേറ്റായി എടുത്തിട്ടുള്ള മസ്റ്റർ റോളിന്റെ പകർപ്പും.

മേൽപ്പടി അപേക്ഷയിന്മേലുള്ള മറുപടി 28/12/2018-ന് നൽകിയിട്ടുണ്ട്

4. എതിർകക്ഷി 09/04/2019-ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയിലെ ഓവർസിയറായ ശ്രീ. സനിൽ കുമാർ എസ്, ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരായ ശ്രീമതി. സിനിമോൾ ജേക്കബ്, ശ്രീമതി. ഷെറിൻ സ്കറിയ എന്നിവർ ഒമ്പതാം വാർഡിലെ മഴക്കുഴി എന്ന പ്രവർത്തിയുടെ സൈറ്റ് സന്ദർശിച്ചപ്പോൾ മേറ്റായ ശ്രീമതി. ഗ്രേസി രാജൻ തൊഴിലാളികളുടെ ഒപ്പ് സ്വന്തമായി രേഖപ്പെടുത്തിയെന്നും, വ്യാജ ഒപ്പിടാൻ ഗ്രേസി രാജനെ സഹായിച്ച ശ്രീമതി. സുജ ഫിലിപ്പ്, ശ്രീമതി സിജി ജോൺസൺ എന്നിവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഹെവൻവാലിയും മരുതൻപേട്ടയും വർക്ക് സൈറ്റുകളായി പണി നടന്നിരുന്ന ദിവസങ്ങളിൽ ജോലിക്ക് ഹാജരാകാത്തവരുടെ പേരിൽ വ്യാജ ഒപ്പിട്ട വിഷയം പഞ്ചായത്തിൽ പരാതിപ്പെട്ടതാണ് മസ്റ്ററോൾ എടുക്കുന്നതിൽ നിന്നും തന്നെ

അയോഗ്യയാക്കിയതെന്ന് ശ്രീമതി. സ്മിത സന്തോഷ് 21/11/2018 ൽ പഞ്ചായത്ത് ഓഫീസിൽ നൽകിയ പരാതിയിൽ പറയുന്നതെന്നും, 24/11/2018-ലെ കമ്മറ്റി തീരുമാന പ്രകാരം 02/12/2018-ന് നടന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ 1) ശ്രീമതി സ്മിത സന്തോഷ്, 2) ശ്രീമതി. ഗ്രേസി രാജൻ 3) ശ്രീമതി. സിജി ജോൺസൺ എന്നിവരെ മേറ്റ് സ്ഥാനത്ത് നിന്നും തികച്ചും താൽക്കാലികമായി മാറ്റി നിർത്തുവാൻ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചുവെന്നുമാണ്.

26/12/2018 തീയതിയിൽ നടന്ന പഞ്ചായത്ത് കമ്മറ്റിയുടെ 6(1) നമ്പർ തീരുമാനത്തിൽ 2/12/2018 തീയതിയിൽ നടന്ന ഹെവൻവാലി മരുതംപേട്ട സൈറ്റുകളിൽ വർക്ക് ചെയ്തിരുന്ന തൊഴിലുറപ്പ് പദ്ധതിയിലെ മുഴുവൻ തൊഴിലാളികളെയും ഉൾപ്പെടുത്തി പ്രസിഡന്റിന്റേയും സെക്രട്ടറിയുടെയും സാന്നിദ്ധ്യത്തിൽ ചേർന്ന യോഗ തീയതി ക്ലറിക്കൽ പിശക് മൂലം 04/12/2018 എന്ന് തെറ്റായിട്ടാണ് പഞ്ചായത്ത് കമ്മറ്റി മിനിട്സിൽ രേഖപ്പെടുത്തിയതെന്നും 02/12/2018-ൽ നടന്ന മീറ്റിങ്ങിൽ ശ്രീമതി. സ്മിത സന്തോഷ് ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും, 2/12/2018 തീയതി ഉച്ചക്ക് 2 മണിക്ക് പഞ്ചായത്ത് ഹാളിൽ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിറ്റ്സിൽ തീയതി 02/12/2018-ന് പകരം ക്ലറിക്കൽ പിശക് മൂലം 2/12/2012 എന്നാണ് രേഖപ്പെടുത്തിയത് എന്നുമാണ് എതിർകക്ഷി റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും ടിയാൻ കമ്മീഷൻ മുമ്പാകെ 09/04/2019-ൽ സമർപ്പിച്ച റിപ്പോർട്ടിൽ തീയതി രേഖപ്പെടുത്തിയതിൽ രണ്ടിടത്ത് ക്ലറിക്കൽ പിശകുണ്ടായതായി വ്യക്തമാക്കിയിരിക്കുന്നതിനാൽ ടി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 നവംബർ 16-ാം** തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV